# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **4167** 21.07.2015 ലെ മറുപടിക്ക്

**നഗരങ്ങളിൽ ഫ്ലാറ്റുകൾ 3 നിലയ്ക്ക് മുകളിലേക്ക് നിർമ്മിയ്ക്കുന്നതിനുള്ള അനുമതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.സി.ജോർജ്ജ് : | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) നഗരങ്ങളിൽ ഫ്ലാറ്റുകൾ 3 നിലയ്ക്ക് മുകളിലേക്ക് നിർമ്മിയ്ക്കുന്നതിന് ഫയർ ആന്റ് റെസ്ക്യൂ വിഭാഗം ഉന്നതാധികാരി അനുമതി നൽകില്ലെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. 12 മീറ്ററിന് മുകളിൽ ഉയരമുള്ള കെട്ടിടങ്ങൾക്ക് ഫയർ ആന്റ് റെസ്ക്യൂ വിഭാഗത്തിൽ അനുമതി നൽകാതെ അപേക്ഷ നിരസിച്ചത് താൽക്കാലിക തീരുമാനം മാത്രമാണ്. 30 ദിവസത്തിനകം അപേക്ഷകരിൽ നിന്നും വിശദവിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഒരു സ്പെഷ്യൽ കമ്മിറ്റി പുന:പരിശോധിക്കുന്നതും അതിനടുത്ത 30 ദിവസത്തിനകം തീരുമാനം കൈക്കൊള്ളുന്നതുമാണ്. |
| (ബി) ഫ്ലാറ്റ് നിർമ്മാണത്തിന് ഏതൊക്കെ ഘട്ടത്തിലാണ് ഫയർ ആന്റ് റെസ്ക്യൂ വിഭാഗത്തിന്റെ അനുമതി വാങ്ങേണ്ടത്; ഇതിനെ സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ബി) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 53(3) പ്രകാരം ഗ്രൗണ്ട് ലവലിൽ നിന്നും 3 നിലകളിൽ അധികരിക്കുന്ന റസിഡൻഷ്യൽ, സ്പെഷ്യൽ റസിഡൻഷ്യൽ ഒക്കുപ്പൻസികളിൽപ്പെട്ട കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകുന്നതിനു മുമ്പ് ഫയർഫോഴ്സ് ഡയറക്ടറുടെയോ, അദ്ദേഹം ഇതിലേയ്ക്കായി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ ലഭ്യമാക്കിയിരിക്കേണ്ടതാണെന്ന് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ